Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/8109/2024-R4(RMC) തീയതി: 26-04-2025

സർക്കുലർ

വിഷയം: കെ.ഡബ്ല്യൂ.എ - ആർ.എം.സി - മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിൽ വരുന്ന പൊതു ടാപ്പുകളുടെ 2024 സെപ്റ്റംബർ മാസം വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന : 27/03/2025-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.3217/2025/Fin.

തദ്ദേശ സ്വയംഭരണ വകുപ്പിൻ്റെ കീഴിലുള്ള പൊതു ടാപ്പുകളിലെ വാട്ടർ ചാർജ് കുടിശ്ശിക സംബന്ധിച്ചും പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം കൂടിയിരുന്നു. യോഗ തീരുമാനം അനുസരിച്ച് പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് 30/09/2024 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക നൽകാമെന്ന് ഉറപ്പു നൽകിയിരുന്നു. ആയതിലേക്കായി 19/02/2025 മുതൽ 21/02/2025 വരെയുള്ള തീയതികളിലായി കേരള വാട്ടർ അതോറിറ്റി ജീവനക്കാരെ ഉപയോഗിച്ച് ജിയോടാഗിംഗ് പ്രവർത്തി പൂർത്തീകരിച്ചു. സൂചന ഉത്തരവ് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ 719,16,60,906/- രൂപ അനുവദിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പൊതുടാപ്പുകളുടെ 30-09-2024 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക യഥാക്രമം 435,69,82,704/- രൂപയും 283,46,78,202/- രൂപയുമായിരുന്നു (ആകെ 719,16,60,906/- രൂപ).

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പൊതുടാപ്പുകളുടെ 30-09-2024 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക, തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തരം തിരിച്ച പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത പട്ടികയിൽ നൽകിയിട്ടുള്ള തുക അതാത് ഡിവിഷനുകീഴിൽ വരുന്ന മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പൊതുടാപ്പുകളുടെ 30-09-2024 വരെയുള്ള വാട്ടർ ചാർജ്ജായി ഇ-അബാക്കസ് ലെഡ്ജറിൽ വരവ് വയ്ക്കേണ്ടതും, ടി തുക മാർച്ച് മാസത്തെ ക്യാഷ് ബുക്കിൽ റെസിപ്റ്റ് ഭാഗത്ത് നോൺ ഓപ്പറേറ്റീവ് കോളത്തിൽ 9211 അക്കൗണ്ട് കോഡിൽ വരവായും, പേയ്മെന്റ് ഭാഗത്ത് അതേ തുക നോൺ

ഓപ്പറേറ്റീവ് കോളത്തിൽ 9134 അക്കൗണ്ട് കോഡിൽ ചിലവായും രേഖപ്പെടുത്തി, DCB - ലും പ്രസ്തുത തുക ഉൾപ്പെടുത്തി നിലവിലെ രീതിയിൽ RA25-ൽ ജേർണൽ എൻട്രി നടത്തേണ്ടതാണ്. 30-09-2024-ന് ശേഷം പ്രസ്തുത തുകയ്ക്ക് വന്നിട്ടുള്ള ഫൈൻ പൂർണമായും ഒഴിവാക്കേണ്ടതുമാണ്.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശ്ശികയിൻ മേൽ മുനിസിപ്പാലിറ്റിയ്ക്കോ കോർപറേഷനോ എതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഉടൻ തന്നെ പിൻവലിക്കേണ്ടതാണ്. പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും) ഫയൽ ചെയ്തിട്ടുള്ള കോടതി വ്യവഹാര നടപടികൾ പിൻവലിച്ചു എന്നും ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല 30-09-2024 വരെയുള്ള കുടിശ്ശികയും ആയതിന്റെ ഇന്നുവരെയുള്ള ഫൈനും ഒഴിവാക്കിയ ശേഷം പ്രസ്തുത വിവരം തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരെ കത്ത് മുഖേന അറിയിക്കേണ്ടതാണ്.

**Signed by Jeevan Babu K**
**Date: 26-04-2025 14:29:59**

ജീവൻ ബാബു കെ ,ഐ.എ.എസ്
മാനേജിങ് ഡയറക്ടർ

പകർപ്പ്:
1. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
2. എല്ലാ റവന്യൂ ഓഫീസർമാർക്കും

ഉള്ളടക്കം:
1. മുനിസിപ്പാലിറ്റികളുടെയും കോർപറേഷനുകളുടെയും 30-09-2024 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക.